പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1539.

03.05.2017 - ൽ
മറുപടിയ്ക്ക്

# പോലീസ് സ്റ്റേഷനുകളിൽ വനിതാ സൗഹൃദ സെല്ലുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.രാജു എബ്രഹാം | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) സംസ്ഥാന പോലീസ് സേനയിൽ വനിതാ പോലീസിനായി ഇപ്പോൾ എത്ര ശതമാനം തസ്തികകളാണ് മാറ്റി വച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | (എ) വനിതാ സിവിൽ പോലീസ് ഓഫീസർമാരുടെ 4132 തസ്തികകൾ നിലവിലുണ്ട്. സേനയിലെ വനിതാ പോലീസ് സാന്നിദ്ധ്യം 8.25% ആണ് സംസ്ഥാന പോലീസ് സേനയിൽ വനിതാ പോലീസ് ഉദ്യോഗസ്ഥർക്ക് അനുവദിച്ച തസ്തികകളല്ലാതെ പ്രത്യേക തസ്തികകളൊന്നും തന്നെ മാറ്റി വച്ചിട്ടില്ല. |
| (ബി) സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായി സംസ്ഥാന പോലീസ് സേനയിൽ വനിതകളുടെ എണ്ണം വർദ്ധിപ്പിക്കാൻ എന്തെങ്കിലും നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി കൂടുതൽ വനിതകളെ നിയമിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ; | (ബി) വനിതാ പോലീസുകാരുടെ അംഗബലം ഉയർത്തുന്നതിന്റെ ഭാഗമായി 30.01.2017 ലെ സർക്കാർ ഉത്തരവ് പ്രകാരം 380 വനിതാ പോലീസ് കോൺസ്റ്റബിൾമാരെയും 20 വനിതാ പോലീസ് ഹവീൽദാർമാരെയും ഉൾപ്പെടുത്തി ഒരു വനിതാ പോലീസ് ബറ്റാലിയൻ രൂപീകരിച്ച് ഉത്തരവായിരുന്നു. കൂടാതെ, 7 വനിതാ സബ് ഇൻസ്പെക്ടർമാരെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. |

(സി) വനിതകൾക്കു നേരെയുണ്ടാകുന്ന ആക്രമണങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കൂടുതൽ വനിതാ സൗഹൃദ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുമോ; ഇല്ലെങ്കിൽ ഓരോ പോലീസ് സ്റ്റേഷനിലും വനിതകൾക്കായി വനിതാ സൗഹൃദ സെല്ലുകൾ രൂപീകരിക്കുമോ; വ്യക്തമാക്കുമോ?

(സി) 2017-2018 നയപ്രഖ്യാപന പ്രസംഗത്തിൽ താലൂക്ക് തലത്തിൽ വനിതാ പോലീസ് സ്റ്റേഷൻ തുടങ്ങുന്നതിനുള്ള ശിപാർശ നിലവിലുണ്ട്. ആയതിനുവേണ്ടി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ, സംസ്ഥാനത്തുള്ള മിക്കവാറും പോലീസ് സ്റ്റേഷനുകളിൽ സ്ത്രീ സൗഹൃദമാക്കുന്നതിന് റിസപ്‌ഷൻ, വനിതാ ഹെല്പ് ഡസ്ക്, ടോയ്‌ലറ്റോടു കൂടിയുള്ള വിസിറ്റേഴ്സ് റൂം മുതലായവ സ്ഥാപിച്ചിട്ടുണ്ട് സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ വനിതാ പോലീസിന്റെ സേവനം ഉറപ്പുവരുത്തിയിട്ടുമുണ്ട്.

സെക്ഷൻ ഓഫീസർ